## ഇലക്ട്രിക് ഉപകരണങ്ങളും, ഗൃഹോപകരണങ്ങളും സോഫ്റ്റ് വെയർ സിസ്റ്റം നടത്തിപ്പും

ജി.ഒ. (എംഎസ്.) നമ്പർ 115/2011/തൊഴിൽ. *തിരുവനന്തപുരം, 2011 ആഗസ്റ്റ് 9.*

**എസ്. ആർ. ഒ. നമ്പർ 516/2011.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡം 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും പ്രസ്തുത ആക്ടിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം അനുശാസിക്കുന്നപ്രകാരം 2011 ഫെബ്രുവരി 2-ാം തീയതിയിലെ 242-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2011 ജനുവരി 31-ാം തീയതിയിലെ 29080/ഇ1/2010/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസ്തുത ആക്ടിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം, കേരള സർക്കാർ, കേരള സംസ്ഥാനത്തെ "ഇലക്ട്രിക് ഉപകരണങ്ങളും, ഗൃഹോപകരണങ്ങളും സോഫ്റ്റ് വെയർ സിസ്റ്റം നടത്തിപ്പും" തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

### പട്ടിക

**I. അടിസ്ഥാന വേതനം**

| *ക്രമ നമ്പർ* | *വിഭാഗം/തസ്തിക* | *പ്രതിമാസ അടിസ്ഥാന വേതനം (₹)* |
|---|---|---|
| (1) | (2) | (3) |
| | <u>ഗ്രൂപ്പ് എ</u> | |
| 1 | മാനേജർ | 6800 |
| | <u>ഗ്രൂപ്പ് ബി</u> | |
| 1 | അസിസ്റ്റന്റ് മാനേജർ | 6120 |
| 2 | ക്വാളിറ്റി കൺട്രോളർ | 6120 |

| (1) | (2) | (3) |
|---|---|---|
| | <u>ഗ്രൂപ്പ് സി</u> | |
| 1 | സൂപ്പർവൈസർ | 5655 |
| 2 | ഫോർമാൻ | |
| 3 | സെയിൽസ് എക്സിക്യൂട്ടീവ് | |
| | <u>ഗ്രൂപ്പ് ഡി</u> | |
| 1 | മെഷീനിസ്റ്റ് | 5140 |
| 2 | ഓപ്പറേറ്റർ | |
| 3 | ടെക്നീഷ്യൻ | |
| 4 | ഫാബ്രിക്കേറ്റർ | |
| 5 | മെക്കാനിക് | |
| 6 | ടർണർ | |
| 7 | ഇലക്ട്രീഷ്യൻ | |
| 8 | ബ്ലാക്ക് സ്മിത്ത് | |
| | <u>ഗ്രൂപ്പ് ഇ</u> | |
| 1 | അക്കൗണ്ടന്റ് | 4675 |
| 2 | ക്ലാർക്ക് | |
| 3 | ടൈപ്പിസ്റ്റ് | |
| 4 | സ്റ്റെനോഗ്രാഫർ | |
| 5 | കമ്പ്യൂട്ടർ ഓപ്പറേറ്റർ | |
| 6 | കാഷ്യർ | |
| 7 | ഫ്രണ്ട് ആഫീസ് അസിസ്റ്റന്റ് | |
| 8 | റിസപ്ഷനിസ്റ്റ് | |
| 9 | ടെലിഫോൺ ഓപ്പറേറ്റർ | |
| 10 | സ്റ്റോർ കീപ്പർ | |
| 11 | അസിസ്റ്റന്റ് ഓപ്പറേറ്റർ | |
| 12 | വെൽഡർ | |
| 13 | സ്പ്രേ പെയിന്റർ | |
| 14 | ഫിറ്റർ | |
| 15 | വയർമാൻ | |
| 16 | വൈൻഡർ | |
| 17 | ഡ്രൈവർ | |
| 18 | സ്കിൽഡ് വർക്കേഴ്സ് | |

| (1) | (2) | (3) |
|---|---|---|
| | <u>ഗ്രൂപ്പ് എഫ്</u> | |
| 1 | പ്യൂൺ | 4230 |
| 2 | വാച്ച്മാൻ | |
| 3 | സെക്യൂരിറ്റിഗാർഡ് | |
| 4 | ഹെൽപ്പർ | |
| | <u>ഗ്രൂപ്പ് ജി</u> | |
| 1 | ക്ലീനർ | 4005 |
| 2 | സ്വീപ്പർ | |

**II. ക്ഷാമബത്ത**

മേൽപ്പറഞ്ഞ അടിസ്ഥാന വേതനത്തിനു പുറമെ എല്ലാ വിഭാഗം ജീവനക്കാർക്കും സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് അതായത് ജില്ലാ കേന്ദ്രത്തിനു വേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന പുതിയ ഉപഭോക്തൃവില സൂചികയിൽ (1998–99=100)130 പോയിന്റിനു മുകളിൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിമാസം 23 രൂപ 40 പൈസ (ഇരുപത്തി മൂന്ന് രൂപ നാല്പത് പൈസ) നിരക്കിൽ ക്ഷാമബത്തയ്ക്ക് അർഹതയുണ്ട്.

ഇടുക്കി, വയനാട് ജില്ലകൾക്കുവേണ്ടി യഥാക്രമം മൂന്നാർ, മേപ്പാടി കേന്ദ്രങ്ങളിലെ ഉപഭോക്തൃവില സൂചിക കണക്കിലെടുത്ത് ക്ഷാമബത്ത നൽകേണ്ടതാണ്.

**III. സർവ്വീസ് വെയിറ്റേജ്**

ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ ഒരു തൊഴിലുടമയുടേയോ ഒരു സ്ഥാപനത്തിന്റേയോ കീഴിൽ അഞ്ചു വർഷത്തിൽ കുറയാത്ത സേവനകാലം പൂർത്തിയാക്കിയ ജീവനക്കാർക്ക് അടിസ്ഥാന വേതനത്തിനു പുറമേ അവർ പൂർത്തിയാക്കിയ ഓരോ വർഷത്തേക്കും പുതുക്കിയ നിരക്കിലുള്ള അടിസ്ഥാന വേതനത്തിന്റെ ഒരു ശതമാനം നിരക്കിൽ പരമാവധി 15 (പതിനഞ്ച്) ശതമാനമെന്ന പരിധിയിൽ, സർവ്വീസ് വെയിറ്റേജ് അനുവദിക്കേണ്ടതാണ്.

**IV. ഉയർന്ന വേതനത്തിന് സംരക്ഷണം**

ഏതെങ്കിലും സ്ഥാപനത്തിലോ വ്യവസായത്തിലോ ഉള്ള ജീവനക്കാർക്ക് ഈ വിജ്ഞാപന പ്രകാരം നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനം നിലവിൽ നൽകി വരുന്നുണ്ടെങ്കിൽ അവർക്ക് അങ്ങനെയുള്ള ഉയർന്ന നിരക്കിൽ തുടർന്നും ലഭിക്കാനുള്ള അർഹതയുണ്ട്.

**V. പട്ടികയിൽ ഉൾപ്പെടാത്ത തസ്തിക**

ഏതെങ്കിലും തസ്തികയോ/വിഭാഗത്തെയോ മുകളിൽ കാണിച്ച പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ ബന്ധപ്പെട്ട ജീവനക്കാർക്ക് സമാന പദവിയിലുള്ള തസ്തിക/വിഭാഗത്തിന് നിഷ്ക്കർഷിച്ചിട്ടുള്ള അടിസ്ഥാന വേതനത്തിന് അർഹതയുണ്ടായിരിക്കുന്ന താണ്.

**VI. ദിവസ വേതനം**

ഈ വിജ്ഞാപന പ്രകാരം മാസനിരക്ക് നിശ്ചയിച്ചിട്ടുള്ള ജീവനക്കാരുടെ വിഭാഗത്തെ സംബന്ധിച്ചുള്ള

ദിവസനിരക്ക് ക്ഷാമബത്ത ഉൾപ്പെടെയുള്ള മാസനിരക്കിനെ 26 കൊണ്ട് ഭാഗിച്ച് കണക്കാക്കേണ്ടതാണ്

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**അനിൽ, എക്സ്,**
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാന "ഇലക്ട്രിക് ഉപകരണങ്ങളും, ഗൃഹോപകരണങ്ങളും സോഫ്റ്റ് വെയർ സിസ്റ്റം നടത്തിപ്പും" എന്ന വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞകൂലി നിശ്ചയിക്കുന്നതിന് 1948-ലെ മിനിമം വേജസ് ആക്ടിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം 2011 ജനുവരി 31-ാം തീയതിയിലെ 29080/ഇ1/2010/തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനത്തിൻമേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും, മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞകൂലി നിരക്കുകൾ നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.